കണ്ണൂർ ജില്ലയിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകൾ

40 (245) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009, 2010, 2011 എന്നീ വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ എത്ര കൊലപാതക കേസ്സുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) 2010-11 വർഷങ്ങളിൽ പെരിങ്ങളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കതിരൂർ, പാനൂർ, ചൊക്ലി, കൊളവല്ലൂർ, കണ്ണവം പോലീസ് സ്റ്റേഷനുകളിൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ എത്ര കൊലപാതകകേസ്സുകളുണ്ട് ; ഏതൊക്കെ കൊലപാതക കേസ്സുകളാണ് അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിച്ചതെന്ന് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, പ്രതികളുടെ പേര് എന്നിവ സഹിതം വിശദീകരിക്കാമോ ;

(സി) 2010-ലും 2011 ജനുവരി 30 വരെയും ഉണ്ടായ എത്ര കേസ്സുകൾ അന്വേഷണം പൂർത്തീകരിക്കാൻ പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ബാക്കിയുണ്ട് ; അവ ഏതൊക്കെയാണ് ; ഇവയുടെ പുരോഗതി വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ദേവാലയ മോഷണങ്ങൾ

41(246) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര ദേവാലയമോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വിഭാഗം ദേവാലയങ്ങളിലെയും മോഷണങ്ങൾമൂലം എത്ര രൂപയുടെ വസ്തുവകകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ദേവാലയ മോഷണങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ എത്ര പ്രതികളെയാണ് ഇനിയും പിടികൂടാനുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly